**<u>7.09.2020, 18.09.2020 തീയതികളിലായി സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരുമായി ബഹുമാനപ്പെട്ട ട്രെയിനിംഗ് ഡയറക്ടറുടെ അധ്യക്ഷതയിൽ വീഡിയോ കോൺഫെറൻസിംഗ് വഴി നടന്ന യോഗത്തിന്റെ മിനുട്ട്സ്.</u>**

സംസ്ഥാനത്തെ പ്രൈവറ്റ് ഐ.ടി.ഐകളുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 17.09.2020, 18.09.2020 തീയതികളിലായി ടി സ്ഥാപനങ്ങളിലെ പ്രിൻസിപ്പാൾമാരുടെ യോഗം ട്രെയിനിംഗ് ഡയറക്ടർ വിളിച്ചു ചേർക്കുകയുണ്ടായി. ഐ.ടി.ഐകളിലെ ട്രെയിനിംഗ് മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ട്രെയിനിംഗ് ഡയറക്ടർ ഊന്നിപ്പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രൈവറ്റ് ഐ.ടി.ഐകളും പങ്കാളികളാകണമെന്നും, PMKY പദ്ധതി പ്രൈവറ്റ് ഐ.ടി.ഐകളും പ്രയോജനപ്പെടുത്തണമെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു. കൂടാതെ സ്കിൽ രജിസ്ട്രിയിൽ പ്രൈവറ്റ് ഐ.ടി.ഐകളിലെ ട്രെയിനികളേയും രജിസ്റ്റർ ചെയ്യിപ്പിക്കണമെന്നും ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. ഐ.ടി.ഐകളിൽ പ്രൊഡക്ഷൻ സെന്റർ ആരംഭിക്കേണ്ടിന്റെ ആവശ്യകത ട്രെയിനിംഗ് ഡയറക്ടർ എടുത്തു പറയുകയുണ്ടായി. ലോക്ഡൗണിനുശേഷം ഐ.ടി.ഐകൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാരിൽ നിന്നും തീരുമാനം വരുന്ന മുറയ്ക്ക് മാത്രമേ ക്ലാസുകൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളുവെന്നും ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചു. 2020- ൽ ട്രേഡ് ടെസ്റ്റ് എഴുതാൻ പോകുന്ന ട്രെയിനികൾക്ക് തിയറി ക്ലാസ് ഇനിയും പൂർത്തിയാക്കുവാൻ ഉണ്ടെങ്കിൽ ആയത് ഓൺലൈൻ ക്ലാസ് വഴി എത്രയും വേഗം പൂർത്തിയാക്കണമെന്നും ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശിച്ചു.

ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിന് ഭാരത് സ്കിൽ എന്ന പോർട്ടൽ പ്രയോജനപ്പെടുത്തണമെന്ന് അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. ഐ.ടി.ഐകളിൽ ക്ലാസുകൾ പുനരാരംഭിക്കുമ്പോൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്നും സാമൂഹ്യ അകലം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ഉറപ്പു വരുത്തണമെന്നും അഡീഷണൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. ഡി.ജി.റ്റിയുടെ അറിയിപ്പു പ്രകാരം ട്രെയിനികൾക്ക് 200 മുതൽ 250 മണിക്കൂർ ട്രെയിനിംഗ് സമയം നഷ്ടപ്പെട്ടിട്ടുണ്ടെന്നും, നഷ്ടപ്പെട്ട ട്രെയിനിംഗ് നികത്തുന്നതിന്, ഷെഡ്യൂൾ തയ്യാറാക്കി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും അഡീഷണൽ ഡയറക്ടർഅറിയിച്ചു. ആയതിലേക്ക് പ്രവൃത്തി ദിവസങ്ങൾക്കു പുറമേ ശനിയാഴ്ചയും ഞായറാഴ്ചയും കൂടി വേണമെങ്കിൽ ട്രെയിനിംഗ് നൽകുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണെന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു. 30.09.2020- ന് ഈ വർഷത്തെ ഐ.ടി.ഐ പ്രവേശന നടപടികൾ

പൂർത്തിയാക്കണമെന്ന് ഡി.ജി.റ്റി നിർദ്ദേശം നൽകിയതായി അഡീഷണൽ ഡയറക്ടർ യോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ പ്രവേശന കാലാവധി ഒക്ടോബർ 31 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് ഡി.ജി.റ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു. ഈ വർഷത്തെ എല്ലാ സർക്കാർ/പ്രൈവറ്റ് ഐ.ടി.ഐകളിലേയും അഡ്മിഷൻ ഓൺലൈൻ വഴി നടത്തണമെന്ന് ഡി.ജി.റ്റി നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനികൾക്ക് മോക്ക് ടെസ്റ്റ് (NIMI Moke Test) നടത്തണമെന്നും അഡീഷണൽ ഡയറക്ടർ നിർദ്ദേശിച്ചു. ഐ.ടി.ഐകളുടെ ഗ്രേഡിംഗ് ഗ്രീവൻസ് പരിഹരിക്കുന്നതിനുള്ള അവസരം നൽകുമെന്നും ആ സമയത്ത് ഗ്രിവെൻസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് തയ്യാറായിരിക്കണമെന്നും അറിയിക്കുകയുണ്ടായി. ഗവൺമെന്റ്/പ്രൈവറ്റ് ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് പഠനശേഷം പ്ലേയ്സ്മെന്റ്, അപ്രന്റീസ്ഷിപ്പ് എന്നിവ ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഡീഷണൽ ഡയറക്ടർ അറിയിച്ചു. 2020 സെപ്റ്റംബർ 30- ന് അഡ്മിഷൻ ക്ലോസ് ചെയ്ത് ഒക്ടോബർ ഒന്നാം തീയതി മുതൽ ക്ലാസുകൾ ഓൺലൈനായി തുടങ്ങാനാണ് ഡി.ജി.റ്റി അറിയിപ്പ് നൽകിയിട്ടുള്ളത് എന്നും അഡീഷണൽ ഡയറക്ടർ അറിയിച്ചു.

ഡി.ജി.റ്റി നൽകിയിട്ടുള്ള Standard Operating Procedure (SOP) നന്നായി പഠിച്ച് നടപ്പിലാക്കണമെന്നും ആയത് അനുസരിച്ച് വേണം ലോക്ഡൗണിനുശേഷം ഐ.ടി.ഐകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതെന്നും ജോയിന്റ് ഡയറക്ടർ അറിയിച്ചു.

എല്ലാ ഗവൺമെന്റ് /പ്രൈവറ്റ് ഐ.ടി.ഐകളും വിവിധ വ്യവസായശാലകളുമായി ബന്ധപ്പെട്ട് ട്രെയിനികൾക്ക് ഓൺജോബ് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) അറിയിച്ചു. ഐ.ടി.ഐകളിലെ ട്രെയിനികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള ട്രെയിനിംഗ് നൽകാൻ ശ്രദ്ധിക്കണമെന്നും ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) നിർദ്ദേശിച്ചു. എല്ലാ ഐ.ടി.ഐകളിലും പ്രൊഡക്ഷൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണണെന്നും ആയതിന് ഐ.എം.സി, പി.ടി.എ, അലുമിനി എന്നിവയുടെ സഹായസഹകരണങ്ങൾ തേടാവുന്നതാണെന്നും ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) നിർദ്ദേശിച്ചു. എല്ലാ സ്ഥാപനങ്ങളും ഗ്രേഡിംഗിൽ പങ്കെടുത്തിരിക്കണമെന്നും അറിയിച്ചു. ഐ.ടി.ഐകളിലെ പ്രവേശന നടപടികളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സീറ്റുകൾ ആ വിഭാഗക്കാർക്ക് നൽകി സീറ്റുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്) അറിയിച്ചു.

ഐ.ടി.ഐകളിൽ ഇൻഡസ്ട്രിയൽ ടൈ- അപ്പ് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ അറിയിക്കുകയുണ്ടായി. ഇൻഡസ്ട്രിയൽ ടൈ -അപ്പിലൂടെ ട്രെയിനികൾക്ക് മികച്ച നിലവാരത്തിലുള്ള ട്രെയിനിംഗ് ലഭിക്കുന്നതിനുള്ള അവസരം കിട്ടുമെന്ന് ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ അറിയിച്ചു.

പരിശീലനം പൂര്ത്തിയാക്കിയ ട്രെയിനികള്ക്ക് സര്ട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുകയോ/പരാതി എന്തെങ്കിലും ഉണ്ടെങ്കിലോ ആയതിന് പരിഹാരം കാണുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)/ട്രേഡ് ടെസ്റ്റ് ഓഫീസര്/ബന്ധപ്പെട്ട സെക്ഷന് എന്നിവരുമായി ബന്ധപ്പെട്ടാല് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്) അറിയിച്ചു.

MIS പോർട്ടലിൽ വിഷയങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ മിസ്റ്റേക്ക് വരാതെ സൂക്ഷിക്കണമെന്നും അപ്രകാരം സംഭവിച്ചാൽ ഒരു മിസ്റ്റേക്കിന് 500/- രൂപ നിരക്കിൽ പിഴ ഈടാക്കുമെന്നും ആയതിനാൽ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നും കാസർഗോഡ് ഐ.ടി.ഐ വൈസ് പ്രിൻസിപ്പാൾ അറിയിക്കുകയുണ്ടായി. ട്രെയിനികൾക്ക് മോക്ക് ടെസ്റ്റ് ( NIMI Mok Test) ആയതിന് NIMI mobile app ഡൗൺലോഡ് ചെയ്യണമെന്നും അറിയിച്ചു.

ഐ.ടി.ഐകൾ അടഞ്ഞുകിടക്കുന്നതു കാരണം ഭീമമായ നഷ്ടം ഉണ്ടായതായി അറിയിച്ചു. കൂടാതെ പ്രൈവറ്റ് ഐ.ടി.ഐകളുടെ നിലനിൽപ്പിനായി Skill Loan ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നും കൂടാതെ പ്രൈവറ്റ് ഐ.ടി.ഐകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗത്തിലെ ട്രെയിനികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. പ്രൈവറ്റ് ഐ.ടി.ഐകളിൽ അഡ്മിഷൻ നടക്കുന്ന വിവരം പത്ര മാധ്യമങ്ങളിൽ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും പ്രൈവറ്റ് ഐ.ടി.ഐ പ്രതിനിധികൾ അഭ്യർത്ഥിച്ചു.

**തീരുമാനങ്ങൾ**

1. 2020- ൽ ട്രേഡ് ടെസ്റ്റ് എഴുതാൻ പോകുന്ന ട്രെയിനികൾക്ക് തിയറി ക്ലാസ് ഇനിയും പൂർത്തിയാക്കുവാൻ ഉണ്ടെങ്കിൽ ആയത് ഓൺലൈൻ ക്ലാസ് വഴി എത്രയും വേഗം പൂർത്തിയാക്കണം.
2. ട്രെയിനികൾക്ക് 200 മുതൽ 250 മണിക്കൂർ ട്രെയിനിംഗ് സമയം നഷ്ടപ്പെട്ടിട്ടുണ്ട് നഷ്ടപ്പെട്ട ട്രെയിനിംഗ് നികത്തുന്നതിന്, ഷെഡ്യൂൾ തയ്യാറാക്കി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ക്ലാസുകൾ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം. ആയതിലേക്ക് പ്രവൃത്തി ദിവസങ്ങൾക്കു പുറമേ
- ശനിയാഴ്ചയും ഞായറാഴ്ചയും കൂടി വേണമെങ്കിൽ ട്രെയിനിംഗ് നൽകുന്നതിന് പ്രയോജനപ്പെടുത്താം.
3. ഡി.ജി.റ്റി നൽകിയിട്ടുള്ള Standard Operating Procedure (SOP) നന്നായി പഠിച്ച് നടപ്പിലാക്കണം. ആയത് അനുസരിച്ച് വേണം ലോക്ഡൗണിനുശേഷം ഐ.ടി.ഐകൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടത്.
4. ഐ.ടി.ഐകളിലെ പ്രവേശന നടപടികളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സീറ്റുകൾ ആ വിഭാഗക്കാർക്ക് നൽകി സീറ്റുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.
5. ഗ്രേഡിംഗ് സംബന്ധിച്ച ഗ്രീവൻസ് പരിഹരിക്കുന്നതിന് അവസരം ലഭിക്കുമ്പോൾ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.
6. ട്രെയിനികൾക്ക് പരമാവധി മോക്ക് ടെസ്റ്റ് (NIMI Moke Test) നൽകുന്നതിന് നടപടി സ്വീകരിക്കണം.
7. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പ്രൈവറ്റ് ഐ.ടി.ഐകൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരെ അറിയിക്കണം. ആയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഐ.ടി.ഐകൾ തുറന്നു പ്രവർത്തിക്കാൻ അനുവാദം നൽകുകയുള്ളൂ.
8. അടുത്ത വർഷം മുതൽ എല്ലാ പ്രൈവറ്റ് ഐ.ടി.ഐകളിലും ഓൺലൈൻ മുഖേന മാത്രമേ അഡ്മിഷൻ നടത്താൻ പാടുള്ളൂ.
9. ലോക് ഡൗണിനുശേഷം ഗവർമെന്റ് /പ്രൈവറ്റ് ഐ.ടി.ഐകൾ തുറന്നു പ്രവർത്തിക്കുമ്പോൾ തെർമൽസ്കാനർ, ഐ.ടി.ഐകളുടെ പ്രവേശന കവാടത്തിലും ,ട്രെയിനികൾക്കും, ജീവനക്കാർക്കും സോപ്പ്/ ഹാൻഡ് വാഷ്/ സാനിറ്റൈസർ എന്നിവ ക്രമീകരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം

മീറ്റിംഗിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അഡീഷണൽ ഡയറക്ടർ യോഗത്തിൽ അറിയിച്ചു. യോഗം 4.30– ന് അവസാനിച്ചു

ട്രെയിനിംഗ്ഡയറക്ടർ